പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5429

27-03-2018 ൽ മറുപടിക്ക്

**<u>കാർഷിക കർമ്മസേനകളുടെ പ്രവർത്തനങ്ങൾ</u>**

<u>ചോദ്യം</u>

ശ്രീ.കെ. ദാസൻ
,, എം. മുകേഷ്
,, ബി. സത്യൻ
,, വി. അബ്ദുറഹിമാൻ

<u>മറുപടി</u>

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഉല്പാദന വർദ്ധന വിലധിഷ്ഠിതമായ കാർഷിക വികസനത്തിന് ശാസ്ത്രീയ യന്ത്രവൽക്കരണ സംവിധാനങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ ഏകോപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് ഉല്പാദന വർദ്ധനവിലധിഷ്ഠിതമായ കാർഷിക വികസനത്തിന് ശാസ്ത്രീയ യന്ത്രവൽക്കരണ സംവിധാനങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ ഏകോപിപ്പിക്കുന്നതിനുവേണ്ടി കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ഒരു ഉന്നതതല സമിതി രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി കാർഷിക സർവ്വകലാശാലയിൽ നിന്നും വിരമിച്ച പ്രൊഫസർ ശ്രീ. യു. ജയ് കുമാരനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കാർഷിക മേഖലയുടെ വികസനം ലക്ഷ്യമാക്കി രൂപീകരിച്ച കാർഷിക കർമ്മസേനകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. കാർഷിക മേഖലയുടെ വികസനം ലക്ഷ്യമാക്കി 200 കർമ്മസേനകൾ രൂപീകരിച്ചു. ഇവയുടെ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ കൃഷി ഡയറക്ടറും, ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ആഫീസറും അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ എല്ലാ ജില്ലകളിലെയും കാർഷിക കർമ്മസേനകളുടെ പ്രവർത്തന റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. കാർഷിക കർമ്മസേനകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു അപക്സ് ബോഡി രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കാർഷിക കർമ്മസേനകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആധുനിക യന്ത്രസാമഗ്രികൾ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (സി) | നിലവിൽ 200 കർമ്മസേനകൾ രൂപീകരിച്ചതിൽ 100 കർമ്മസേനകൾക്ക് ഒരു കർമ്മസേനയ്ക്ക് 10 ലക്ഷം രൂപയുടെ വീതം യന്ത്രസാമഗ്രികൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ള 100 കർമ്മസേനകൾക്ക് ആർ.കെ.വി.വൈ പദ്ധതി പ്രകാരം യന്ത്ര സാമഗ്രികൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇവയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി ഏതെല്ലാം ഏജൻസികളുടെ ഏകോപനമാണ് ഉദ്ദേശിക്കുന്നത്; | (ഡി) | കർമ്മസേനകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി കൃഷി വകുപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് വിംഗ്, കെയ്കോ, കാംകോ തുടങ്ങിയവയുടെ ഏകോപനമാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | ഇതിനായി കാർഷിക എഞ്ചിനീയർമാർ ഉൾപ്പെടുന്ന ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | സംസ്ഥാന കാർഷിക എഞ്ചിനീയർ ഉൾപ്പെടുന്ന ഉന്നതതല സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ